**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 431

16/05/2017 - ൽ മറുപടിക്ക്

## പട്ടിക ഗോത്ര വർഗ്ഗ മേഖലയിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ. കെ.വി.അബ്ദുൽ ഖാദർ<br>ശ്രീ.കെ.ദാസൻ<br>ശ്രീ.ഐ.ബി.സതീഷ് | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) പട്ടിക ഗോത്ര വർഗ്ഗക്കാരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കുടുംബശ്രീ ഏതുതരത്തിൽ ഇടപെടുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) പട്ടികവർഗ്ഗ മേഖലയിൽ പ്രത്യേക അയൽക്കൂട്ടങ്ങൾ, കാർഷിക പ്രവർത്തന ഗ്രൂപ്പുകൾ, പഠനത്തിലെ കൊഴിഞ്ഞുപോക്കിനു പരിഹാരമായി ബ്രിഡ്ജ് കോഴ്സുകൾ, ബ്രിഡ്ജ് സ്കൂൾ, പ്രത്യേക ആശ്രയ പദ്ധതികൾ, പ്രൊഡ്യൂസർ ഗ്രൂപ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ കുടുംബശ്രീയുടെ തനതു പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്നു ണ്ട് കൂടാതെ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെയും, ദീൻദയാൽ ഗ്രാമീണ ഉപാധ്യായ പദ്ധതിയുടെയും മുഴുവൻ പ്രവർത്തനങ്ങളും പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന മേഖലകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) ഈ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വിവിധ വകുപ്പുകളുടെ സംയോജനം കുടുംബശ്രീ വഴി സാദ്ധ്യമാകുന്നുണ്ടോ; | (ബി) പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള ധനസഹായവും കുടുംബശ്രീ പദ്ധതി വിഹിതവും എൻ.ആർ.എൽ.എം. ഫണ്ടും ഉപയോഗിച്ചാണ് പ്രവർത്തനങ്ങൾ പ്രധാനമായും സംഘടിപ്പിച്ചു വരുന്നത്. കൂടാതെ ജില്ലകളിൽ നിന്നും എക്സൈസ് വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, കൃഷി വകുപ്പ്, വനംവകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി, അക്ഷയ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ എന്നിവ കുടുംബശ്രീ മുഖാന്തിരം താഴെ തട്ടിലെത്തിക്കുന്നതിനും സഹായം ലഭ്യമാക്കുന്നു ണ്ട് |

| | | | |
|---|---|---|---|
| സി) | ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, തൊഴിൽ വൈദഗ്ധ്യം നേടുന്നതിനും പട്ടികഗോത്ര വർഗ്ഗക്കാരെ പ്രാപ്തരാക്കാൻ വേണ്ട ഇടപെടലുകൾ കുടുംബശ്രീ നടത്തുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (സി) | ഉണ്ട്. ഉപജീവന മേഖലയിൽ ജെ.എൽ.ജി. ഗ്രൂപ്പുകൾ, വനവിഭവ ശേഖരണം, പോത്തുകുട്ടി പരിപാലനം, ആടുവളർത്തൽ, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നീ മേഖലകളിലാണ് ഇടപെടലുകൾ നടത്തിയിട്ടുള്ളത്. ഡിഡിയുജികെവൈ മുഖാന്തിരം നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി റീട്ടെയിൽ മാനേജ്മെന്റ്, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കാന്റീൻ കാറ്ററിംഗ് ഫുഡ് & ബിവറേജ് സപ്ലൈ, ഡി.റ്റി.പി., ടാലി അക്കൗണ്ടിംഗ്, ഓഫീസ് ഓട്ടോമേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ 3 മാസം മുതൽ 6 മാസം വരെയുള്ള പരിശീലനങ്ങൾ നൽകുകയും നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT), സെക്ടർ സ്കിൽ സർട്ടിഫിക്കറ്റ് (SSC) തുടങ്ങിയ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു വരുന്നുണ്ട് കൂടാതെ പി.എസ്.സി മത്സര പരീക്ഷകൾക്കുള്ള തയ്യാറെടുപ്പുകളും പരിശീലനങ്ങളും നടത്തി വരുന്നു. |
| (ഡി) | ഊര് അദാലത്തുകൾ സംഘടിപ്പിക്കുന്നതിൽ കുടുംബശ്രീയ്ക്ക് നേതൃത്വപരമായ പങ്കുവഹിക്കാൻ സാധിച്ചിട്ടുണ്ടോ; അദാലത്ത് എത്രമാത്രം പ്രയോജനപ്രദമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (ഡി) | ഉണ്ട്. സംഘടിപ്പിക്കപ്പെട്ട ഊരു അദാലത്തുകളുടെ തുടർച്ചയായി നടപ്പിലാക്കിയതും ഇടപെട്ടതുമായ പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ ജില്ലാ തലങ്ങളിൽ വകുപ്പ് മേലധികാരികൾ മുഖാന്തിരം വിലയിരുത്തിയിട്ടുള്ളതും, ഫലപ്രദമായിരുന്നുവെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്. തുടർ പ്രവർത്തനങ്ങൾ അതാത് വകുപ്പുകൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ